(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ആഗോളവത്ക്കരണത്തിന്റെയും ഉദാരവത്ക്കരണത്തിന്റെയും ദോഷഫലങ്ങൾ

1 [3694] *ശ്രീ. കോടിയേരി ബാലകൃഷ്ണൻ:*
,, *എ. കെ. ബാലൻ:*
,, *രാജു എബ്രഹാം:*
,, *പി. സി. ജോർജ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഗോള-ഉദാര-സ്വകാര്യവത്ക്കരണം സംസ്ഥാനത്തെ ഏതെല്ലാം വിധത്തിൽ ബാധിച്ചിട്ടുണ്ടെന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഓരോ മേഖലയിൽ ഉണ്ടായിട്ടുള്ള ദോഷകരമായ ഘടകങ്ങൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ;

(സി) ആഗോളവത്ക്കരണത്തിന്റെയും ഉദാരവത്ക്കരണത്തിന്റെയും ദോഷഫലങ്ങൾ സംസ്ഥാനത്തിന്റെ സമ്പദ്ഘടനയെ ബാധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത നയത്തിലധിഷ്ഠിതമായ ഇറക്കുമതിനയം സംസ്ഥാനത്തിന്റെ കാർഷിക സമ്പദ്ഘടനയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) ആഗോള-ഉദാരവത്ക്കരണ നയത്തിന്റെ ദോഷഫലങ്ങൾ സംസ്ഥാനത്തിന്റെ സമ്പദ്ഘടനയെ ബാധിക്കാതിരിക്കാൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(എഫ്) കേരളത്തിന് ദോഷകരമായി ബാധിക്കുന്ന കയറ്റിറക്കുമതി നയത്തിലെ വ്യവസ്ഥകൾ ഒഴിവാക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ കേരളത്തിന്റെ ആവശ്യത്തോട് കേന്ദ്ര സർക്കാരിന്റെ നിലപാട് എന്താണെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1. കാർഷികമേഖല

(1) കുരുമുളക്, തേയില എന്നിവയുടെ ഇറക്കുമതി വർദ്ധിച്ചു.

GPM. 2/256/2012—8

LIBRARY ARCHIVES Kerala Legislative Assembly

(2) ആഗോള വിപണിയിലെ വിലക്കുറവ് ആഭ്യന്തര വിപണിയിൽ പ്രതിഫലിക്കുകയും തേയില, കാപ്പി, കുരുമുളക് എന്നിവയ്ക്ക് വില വളരെ കുറയുകയും ചെയ്തു.

(3) കാർഷിക വിളകളുടെ വിലയിൽ അസ്ഥിരത വർദ്ധിച്ചു.

(4) രാസവളങ്ങളുടെ വില വർദ്ധിച്ചു.

II. വ്യവസായ മേഖല

(1) ചെറുകിട വ്യവസായങ്ങൾക്ക് പ്രതികൂലമായ സാഹചര്യങ്ങൾ ഇറക്കുമതിയിലൂടെ ഉണ്ടായി.

(2) പരമ്പരാഗത വ്യവസായങ്ങൾക്ക് പ്രത്യേകിച്ച് കൈത്തറിക്ക് കൂടുതൽ മൽസരം നേരിടേണ്ടിവന്നു.

(സി) (1) കാർഷികമേഖലയുടെ വളർച്ചാനിരക്ക് 1997-98-ൽ 4.75 ശതമാനമായി കുറഞ്ഞു. ഇത് 2003-04-ൽ 4% ആയി തുടരുന്നു.

(2) വ്യവസായ മേഖലയുടെ വളർച്ച 2000-01-ൽ 4.48 ശതമാനമായിരുന്നത് 2003-04-ൽ 0.68 ശതമാനമായി തുടരുന്നു.

(3) എന്നാൽ സർവ്വീസ് മേഖലയിൽ വളർച്ചാനിരക്ക് 2001-02-ൽ 10.5 ശതമാനമായിരുന്നത് 2003-04-ൽ 13.9 ശതമാനമായി വർദ്ധിച്ചു.

(ഡി) പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

(1) കുരുമുളകിന്റെ ശ്രീലങ്ക വഴിയുള്ള ഇറക്കുമതി വർദ്ധിച്ചു.

(2) തേയിലയുടെ ഇറക്കുമതി വർദ്ധിച്ചു.

(3) ഇറക്കുമതിമൂലം കാർഷിക വിളകളുടെ വിലയിൽ വലിയ കുറവു സംഭവിച്ചു. കുരുമുളകിന്റെ വില 1999-2000-ൽ കിലോയ്ക്ക് 205 രൂപയായിരുന്നത് 2003-04-ൽ 68 രൂപയായി കുറഞ്ഞു.

(ഇ) (1) കാർഷികോല്പന്നങ്ങൾക്ക് കൂടുതൽ വില ലഭിക്കുന്നതിന് തിരുവനന്തപുരം മുതൽ പാലക്കാടു വരെയുള്ള ജില്ലകളെ ഉൾപ്പെടുത്തി പഴം, പച്ചക്കറി എന്നിവ കയറ്റുമതി ചെയ്യുന്നതിന് ഒരു കാർഷിക കയറ്റുമതി മേഖല സ്ഥാപിച്ചു. ഔഷധ സസ്യങ്ങൾ, പൂച്ചെടികൾ, സുഗന്ധ വിളകൾ എന്നിവയ്ക്ക് പ്രത്യേകം കയറ്റുമതി മേഖല സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(2) അന്താരാഷ്ട്ര വില നിലവാരം, മറ്റു വിപണിയുമായി ബന്ധപ്പെട്ട വിവരങ്ങൾ മുതലായവ കർഷകർക്ക് ലഭ്യമാക്കുന്നതിന് ഒരു വിർച്വൽ യൂണിവേഴ്സിറ്റി സ്ഥാപിച്ചു.

(3) കാർഷിക മേഖല നവീകരിച്ച് ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനും ആധുനിക ലബോറട്ടറികൾ സ്ഥാപിക്കാനുള്ള നടപടികളെടുത്തു.

(4) വ്യവസായ മേഖലയിൽ ക്ലസ്റ്ററടിസ്ഥാനത്തിലുള്ള വികസനം നടപ്പിലാക്കി.

(5) അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിന് 'കിൻഫ്ര' തുടങ്ങിയ സ്ഥാപനങ്ങളിലൂടെ വിവിധ പദ്ധതികൾ നടപ്പിലാക്കി.

(എഫ്) ആവശ്യപ്പെട്ടിട്ടുണ്ട്.

ഇന്തോ-ശ്രീലങ്കൻ കരാർ പുനഃപരിശോധിക്കണമെന്നും റബ്ബറിന്റെ ഇറക്കുമതി നിയന്ത്രിക്കണമെന്നും പരമ്പരാഗത വ്യവസായങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകണമെന്നും ആവശ്യപ്പെട്ടിരുന്നു.

കേരളത്തിന്റെ ആവശ്യം പരിഗണിച്ച് പാരമ്പര്യവ്യവസായങ്ങൾക്ക് പ്രാധാന്യം നൽകുന്നതിലേക്കുവേണ്ടി കണ്ണൂർ അടിസ്ഥാനമാക്കി കൈത്തറി മേഖലയ്ക്കുവേണ്ടി ഒരു 'ടൗൺ ഓഫ് എക്സലൻസ്' അനുവദിച്ചു.

ലക്ഷ്യം കൈവരിക്കാതെ പാഴാകുന്ന കേന്ദ്ര പദ്ധതികൾ

2 [3695] *ശ്രീ. ജോസഫ് എം. പുതുശ്ശേരി:*
,, *തോമസ് ഉണ്ണിയാടൻ:*
,, *സ്റ്റീഫൻ ജോർജ്ജ്:*
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രം അനുവദിക്കുന്ന പല പദ്ധതികളും ആനുകൂല്യങ്ങളും പ്രയോജനപ്പെടുത്താൻ കേരളം തയ്യാറാകുന്നില്ലെന്ന ഒരു പരാമർശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കേന്ദ്രത്തിന്റെ ഈ പരാമർശത്തിന് കാരണമായ പദ്ധതികൾ ഏതെല്ലാമെന്ന് വകുപ്പുകൾ തിരിച്ചുള്ള കണക്കുകൾ സഹിതം വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly